**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2710** **13-12-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രളയ സെസ്സായി കൂടുതൽ തുക അടച്ചവർക്ക് ആയത് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രളയ സെസ്സ് ഇനത്തിൽ കൂടുതൽ തുക അടച്ചവർക്ക് അത് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് 2022-23ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 452-ൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിനായി 02-08-2022 തീയതിയിലെ G.O.(P) No.102/2022/ടാക്സസ് (എസ്.ആർ.ഒ. നം.768/2022) വിജ്ഞാപന പ്രകാരം 2019 ലെ കേരള പ്രളയ സെസ്സ് ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) | മേല്പറഞ്ഞ ഇനത്തിൽ എത്ര തുകയാണ് സർക്കാരിന് അധികമായി ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര തുക തിരികെ നൽകിയെന്നും വ്യക്തമാക്കുമോ? | (ബി) | പ്രളയ സെസ്സുമായി ബന്ധപ്പെട്ട നികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ അധികമായി അടച്ച തുകയുടെ പൂർണ്ണമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ. നിലവിൽ ഇതുവരെയും റീഫണ്ട് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ